# കത്തുകൾ

## സിനിമയിലെ ജാതി

മലയാള സിനിമയുടെ ജാതി ഏത്?. എന്ന ലേഖനം കാലിക പ്രസക്തമായിരുന്നു. കലാരൂപങ്ങൾ മനുഷ്യനെ സന്മാർഗികളാക്കുന്നതിനു പകരം ജാതിപ്പിശാചുക്കളാക്കുകയാണ് ചെയ്യുന്നത്. സിനിമയിലെ വർണവിവേചനത്തിനെതിരേ പുരോഗമനം പ്രസംഗിച്ചു നടക്കുന്ന ഒരു കലാകാരനും നാവുയർത്തുന്നില്ല. സിനിമയിലെ കഥാപാത്രങ്ങൾക്ക് ചില പ്രത്യേക മേൽവിലാസമേ പാടുള്ളുവെന്ന് ചിലർ നിർബന്ധം പിടിക്കുന്നതുപോലെ തോന്നുന്നു. നിർമ്മാതാവും സംവിധായകനും കീഴ്ജാതിക്കാരായിരുന്നാലും കഥാപാത്രങ്ങൾ 'ഇല്ല്' ത്തു പിറന്നവരായി പോകുന്നു. ജാതിക്ക് പ്രസക്തിയേതുമില്ലാത്ത സിനിമകളാണ് ബഹുഭൂരിപക്ഷമെങ്കിലും അവയിലൊക്കെ സ്ഥാനത്തും അസ്ഥാനത്തും ജാതിയുടെ അസ്തിത്വം ഉറപ്പിക്കാനാണ് ശ്രമിച്ചു കാണുന്നത്.

അടുത്ത കാലത്തിറങ്ങിയ ചിത്രങ്ങളിൽ നിർദോഷമായി ജാതിപ്പേര് ഉപയോഗിക്കലല്ല ചെയ്യുന്നത്, മറിച്ച് പിന്നോക്ക സമുദായങ്ങളെ മ്ലേച്ഛമായ ഭാഷയിൽ അധിക്ഷേപിക്കാനും തെറിപറയാനും കൂടി അവസരമുപയോഗിക്കുന്നു.

സവർണാധിപത്യത്തെ ചെറുതായൊന്നു ചോദ്യം ചെയ്ത ഋഷിവംശം എന്ന ചിത്രത്തിന്റെ പ്രദർശനം ഹിന്ദു തീവ്രവാദികളായ സവർണ്ണർ ഉരുക്കുമുഷ്ടികൊണ്ടാണ് തടഞ്ഞത്. സിനിമയിലെ ജാതിയുടെ അതിപ്രസരത്തിനെതിരേ 1998 ജൂണിൽ ഞാനുൾപ്പെടെ ചില വായനക്കാർ കേരളകൗമുദിയിലൂടെ പ്രതികരിച്ചിരുന്നു. പക്ഷേ, ഒരു സിനിമക്കാരനും അതു കണ്ടെന്നു നടിച്ചതായി തോന്നുന്നില്ല.

വ്യക്തികളുടെ പേരിൽനിന്നു ജാതി എന്ന വാല് ഒഴിഞ്ഞുപോയെന്നു കരുതിയപ്പോൾ അതിലും ശക്തമായാണ് അടുത്തകാലത്ത് പല നാമധേയങ്ങളിലും അലങ്കാരമായി അവ തിരിച്ചെത്തിയിരിക്കുന്നത്. ചാതുർവർണ്യം പുനർജനിച്ചേക്കും, ആദ്യം സിനിമയിലൂടെ, പിന്നെ ജീവിതത്തിലൂടെയും...

ജി.സാബു,
സൂര്യസോമ, പൂവച്ചൽ പി.ഒ.

## ഭാഷയോടും വായനക്കാരോടും ബഹുമാനം വേണം

'ജാഗ്രതയുടെ കേരളീയം' പത്രം തയ്യാറാക്കുന്നതിലും ലേഖനങ്ങളുടെയും തലക്കെട്ടുകളുടെയും ഭാഷയുടെ കാര്യത്തിലും നിങ്ങൾ ഒട്ടുമേ ശ്രദ്ധിക്കുന്നില്ല എന്നു തോന്നുന്നു. കഴിഞ്ഞ ലക്കത്തെ ആധാരമാക്കി ചില കാര്യങ്ങൾ ചൂണ്ടിക്കാട്ടട്ടെ.

ഒന്നാം പേജിലെ ഉൾത്താളുകളിൽ എന്ന തലക്കെട്ടിനു കീഴെ കാണിച്ചിരിക്കുന്ന ലേഖനങ്ങളിൽ മൂന്നെണ്ണം ഉൾത്താളുകളിൽ വന്നിട്ടില്ല. ഇത് തികഞ്ഞ അശ്രദ്ധയാണെന്നു സമ്മതിക്കുമല്ലോ.

'ഒന്നാം പേജിലെ തന്നെ ഔഷധസസ്യങ്ങൾ തട്ടിയെടുക്കാൻ പലിശ രഹിതവായ്പ എന്ന തലക്കെട്ടിൽതന്നെ അക്ഷരത്തെറ്റ് വന്നിരിക്കുന്നു. പലിശയ്ക്ക് പകരം പിലിശ എന്നാണച്ചടിച്ചിരിക്കുന്നത്.

നാലാംപേജിലെ പുസ്തകക്ഷേത്രം എന്ന പംക്തിയിൽ പുസ്തതകക്ഷേത്രം എന്നാണ് അടിച്ചിരിക്കുന്നത്.

മുൻപേജിൽ ലക്കം 7 പുസ്തകം2 എന്നുള്ളത് അവസാന പുറത്തിൽ ലക്കം 6 പുസ്തകം 2 എന്നായി മാറി.

ഒന്നാം പേജിലെ തെരഞ്ഞെടുപ്പ് അടുക്കുന്നു എന്ന ചെറിയ ലേഖനത്തിലെ പിശകി അടിച്ചിരിക്കുന്ന ചില വാക്കുകൾ നോക്കുക:- ഉന്നതദ്യോഗസ്ഥർ, ബയോസിഫർ, വനമേഖലകളിൽ, പ്രബലനായകക്ഷി, പെട്ടന്ന്. ഇതുപോലെ മറ്റുലേഖനങ്ങളിലും ധാരാളം പിശകുകൾ കാണാം.

കേരളീയം വായനക്കാരോടും മലയാള ഭാഷയോടും കുറേക്കൂടി ബഹുമാനത്തോടെ പെരുമാറണമെന്ന് അപേക്ഷ.

ദാമോദരൻ പി.എം
തലശ്ശേരി.

## അറിയിപ്പ്

സ്ഥലപരിമിതി മൂലം, ലഭിച്ച പല മാറ്ററുകളും ഈ ലക്കത്തിൽ ചേർക്കാനായിട്ടില്ല.